# ബൈബിൾ
## യൂണിറ്റ് B

## പഠനം 1. ബൈബിൾ എന്തുകൊണ്ട് വിശ്വസിക്കണം

**വായനാഭാഗം: 1 പത്രോസ് 1:22–25**

പേര്.............................................

**താക്കോൽവാക്യം:– യോഹന്നാൻ 17:17**

**"സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യമാകുന്നു"**

ഉടനെയോ പിന്നീടോ ക്രിസ്ത്യാനികൾ ഈ ചോദ്യങ്ങൾ അഭിമുഖീകരിക്കേണ്ടി വരും, "നിങ്ങൾ എന്തുകൊണ്ട് ബൈബിൾ വിശ്വസിക്കുന്നു?" അല്ലെങ്കിൽ "ഉല്പത്തി മുതൽ വെളിപ്പാട് വരെയുള്ളവ സത്യമാണെന്ന് നിങ്ങൾക്ക് എങ്ങനെ ഉറപ്പാക്കാം" ഈ ചോദ്യങ്ങളുടെ ഉത്തരമായിട്ട്, "ഇതാ ബൈബിളിന്റെ എഴുത്തുകാരൻ ദൈവമാണ് എന്നതിന്റെ തെളിവ്" എന്നു പറഞ്ഞുകൊണ്ട് മറുപടി പറയുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ എത്ര എളുപ്പമായിരുന്നു! എന്നാൽ അത് സാധ്യമല്ല. ഇപ്രകാരം സംഭവിക്കണം എന്ന് ദൈവം ഒരിക്കലും വിചാരിച്ചിട്ടില്ല. ഇതേപ്രകാരം, ദൈവം ഈ ലോകത്തെ സൃഷ്ടിച്ചുവെന്നോ, യേശുകർത്താവ് ഉയിർത്തെഴുന്നേറ്റുവെന്നോ, ദൈവം നമ്മുടെ പാപങ്ങളെ നിശ്ചയമായും ക്ഷമിച്ചുവെന്നോ ഒരു മനുഷ്യ വിദ്വേഷിയോട് പറഞ്ഞു മനസ്സിലാക്കുവാൻ ഒരിക്കലും സാധ്യമല്ല. ദൈവം ഈ ലോകത്തെ സൃഷ്ടിച്ചുവെന്നും യേശുകർത്താവ് ഉയിർത്തെഴുന്നേറ്റുവെന്നുമൊക്കെ നാം വിശ്വാസത്താൽ അംഗീകരിക്കണമെന്നാണ് ദൈവം ആവശ്യപ്പെടുന്നത്. ഇപ്രകാരമുള്ള ഒരു പ്രതികരണമാണ് ദൈവം ആഗ്രഹിക്കുന്നത്. (എബ്രായർ 11:6 ശ്രദ്ധിക്കുക). ഇതേ കാര്യം തന്നെയാണ് ബൈബിൾ ദൈവവചനമായി അംഗീകരിക്കുമ്പോൾ ആവശ്യമായത്. ദൈവത്തിന്റെ വാക്കുകളെ/ വചനത്തെ അതിന്റെ പൂർണ്ണതയിൽ വിശ്വാസത്താൽ അംഗീകരിക്കുക!

എന്നിരുന്നാലും നാം ബൈബിൾ ദൈവവചനമായി എന്തുകൊണ്ട് വിശ്വസിക്കുന്നു എന്നത് വിവരിക്കുവാൻ സഹായിക്കുന്ന വസ്തുതകൾ ഉണ്ട്. ബൈബിൾ വിശ്വസിക്കുന്നതിൽ ബുദ്ധിമുട്ടുള്ളവർക്കും ഇത് മനസ്സിലാക്കുന്നത് സഹായകരമാണ്.

**1. ബൈബിൾ അതിന്റെ നിസ്തുല്യതയെ സ്വയം പ്രഖ്യാപിക്കുന്നു.**

ഈ വിഷയത്തെക്കുറിച്ച് മുമ്പുള്ള പഠനത്തിൽ വിവരിച്ചു പറഞ്ഞിരുന്നു. "യഹോവ ഇപ്രകാരം അരുളി ചെയ്യുന്നു" എന്ന പ്രയോഗം പഴയനിയമത്തിൽ സുലഭമായി ഉപയോഗിച്ചിരിക്കുന്നു (ആമോസ് 1:3, 6&9). പഴയനിയമത്തിൽ നിന്നും പല പ്രാവശ്യം ഉദ്ധരിച്ചതിലൂടെ യേശുകർത്താവും താൻ പഴയനിയമത്തിന്റെ പ്രാമാണികത്വത്തെ അംഗീകരിച്ചു (മർക്കോസ് 7:6, 7&10). യേശുകർത്താവിന്റെ മറ്റൊരു സാക്ഷ്യപ്പെടുത്തൽ താക്കോൽവാക്യത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. തന്റെ എഴുത്തുകൾ എല്ലാം തന്നെ കർത്താവിങ്കൽ നിന്നും പ്രാപിച്ചതാണെന്ന് പല സന്ദർഭങ്ങളിൽ പൗലോസ് പറഞ്ഞിട്ടുള്ളത് നാം മുമ്പ് പഠിച്ചതാണ് (1 തെസ്സലോനിക്യർ 4:15). ബൈബിളിന്റെ സത്യസന്ധതയെക്കുറിച്ചുള്ള ഉറപ്പ് ഈ പ്രഖ്യാപനങ്ങൾ നമുക്ക് പ്രദാനം ചെയ്യുന്നു. "ഭോഷ്കില്ലാത്ത ദൈവം" എന്ന് പൗലോസ് എഴുതിയിരിക്കുന്നു (തീത്തോസ് 1:2). ദൈവം സത്യമാണെന്ന് നമുക്കറിയാം അതുകൊണ്ട് ബൈബിൾ അവന്റെ വചനവും അത് സത്യവുമാണെന്ന വിശ്വാസം നമുക്കുണ്ട്!

**2. യാഥാർത്ഥ്യമായ പല പ്രവചനങ്ങളും ബൈബിളിൽ ഉൾപ്പെട്ടിരിക്കുന്നു.**

ബൈബിൾ വളരെ ശ്രദ്ധേയമായ ഒരു പുസ്തകമാണ്, കാരണം ഭാവിയിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ദൈവം തന്റെ പ്രവാചകന്മാരിലൂടെ രേഖപ്പെടുത്തിയ വാക്കുകൾ ആവർത്തിച്ച് ഇതിൽ കാണുന്നു. പലപ്പോഴും നൂറു വർഷങ്ങൾക്കുശേഷം ഈ പ്രവചനങ്ങൾ കൃത്യമായി നിവർത്തിക്കപ്പെട്ടപ്പോൾ ഇവ പൂർണ്ണമായും സൂക്ഷ്മതയുള്ളതാണെന്ന് തെളിയിക്കപ്പെട്ടു. യേശുകർത്താവ് ജനിക്കുന്നതിനും 700 വർഷങ്ങൾക്കുമുമ്പ് അവന്റെ ജനനത്തെക്കുറിച്ച് യെശയ്യാവ് പ്രവചിച്ചു (യെശയ്യാവ് 7:14; 9:6). മീഖാ യേശുകർത്താവിന്റെ ജനനസ്ഥത്തെക്കുറിച്ച് പ്രവചിച്ചു (മീഖാ 5:2). അവന്റെ ജീവിതത്തിലെ പ്രവൃത്തികളെക്കുറിച്ചും യെശയ്യാവ് പ്രവചിച്ചു (യെശയ്യാവ് 61:1–2) ഇതേ പ്രവാചകൻ തന്നെയാണ് അവന്റെ മരണത്തെക്കുറിച്ച് വസ്തുചിത്രപരമായ വിവരണങ്ങൾ നൽകിയിരിക്കുന്നത് (യെശയ്യാവ് 53). യേശുകർത്താവ് വരുമ്പോൾ എന്തെല്ലാമാണ് സംഭവിക്കുവാൻ പോകുന്നത് എന്നതിനെക്കുറിച്ച് യെശയ്യാവിന് ചില പ്രത്യേക അറിവ് ലഭിച്ചിരുന്നു എന്നു തോന്നിപ്പോകുന്നു. തീർച്ചയായും അത് ശരിയാണ് കാരണം ദൈവം അത് അവന് വെളിപ്പെടുത്തിക്കൊടുത്തു! മത്തായിയുടെ സുവിശേഷം വായിച്ച ശേഷം താൻ ഒരു സന്ദർഭത്തെക്കുറിച്ച് പറഞ്ഞ് അവസാനിപ്പിക്കുമ്പോൾ ആവർത്തിച്ചു പറഞ്ഞിരിക്കുന്നത് ഒന്നു ശ്രദ്ധിക്കുക "…. എന്നു കർത്താവ് പ്രവാചകൻ മുഖാന്തരം അരുളി ചെയ്തത് നിവൃത്തിയാകുവാൻ ഇതൊക്കെയും സംഭവിച്ചു" (മത്തായി 1:22). ബൈബിൾ പ്രവചനങ്ങൾ തെറ്റാണെന്ന് ഇനിയും തെളിയുവാൻ പോകുകയാണെന്ന് പറഞ്ഞാൽ അത് ഒരിക്കലും സംഭവിക്കില്ല എന്ന് നമുക്കറിയാം കാരണം ഇത് ദൈവത്തിന്റെ വചനമാണ്!

**3. ബൈബിൾ കാലത്തിന്റെ പരീക്ഷണങ്ങളിൽ ഉറച്ചു നിന്നു.**

പത്രോസ് ഇപ്രകാരം എഴുതിയിരിക്കുന്നു, "കർത്താവിന്റെ വചനമോ എന്നേക്കും നിലനിൽക്കുന്നു" (1 പത്രോസ് 1:25). യേശുകർത്താവും ഇപ്രകാരം പറഞ്ഞിരിക്കുന്നു, "ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞു പോകയില്ല" (മത്തായി 24:35). ബൈബിൾ പൂർണ്ണമായും ഇല്ലായ്മ ചെയ്യുന്നവിധം കാര്യങ്ങളെല്ലാം ക്രമീകരിക്കപ്പെട്ട സന്ദർഭങ്ങളിൽ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. ഉദാഹരണത്തിന്, ഇംഗ്ലണ്ടിൽ 16–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വില്യം ടിന്റെയ്ൽ പുറത്തിറക്കിയ ആദ്യത്തെ ഇംഗ്ലീഷ് പുതിയനിയമ ബൈബിൾ കീറുകയും തീച്ചൂളയിട്ട് കത്തിക്കുകയും ചെയ്തു. അദ്ദേഹം സാധാരണ ജനങ്ങൾക്ക് ബൈബിൾ ലഭ്യമാക്കുവാൻ പ്രവർത്തിച്ചിരുന്നു. ടിന്റെയ്ലിന്റെ പുതിയനിയമങ്ങൾ കത്തിക്കുന്നതിന് തുറസ്സായ സ്ഥലത്ത് വലിയ തീക്കുണ്ഡങ്ങൾ ഉണ്ടാക്കി, അതുകൊണ്ട് ഇപ്പോൾ ആ ബൈബിളിന്റെ രണ്ടേ രണ്ട് കോപ്പികളേ ഇന്ന് ലോകത്തിലുള്ളൂ. അനേക രാജ്യങ്ങളിലും ബൈബിൾ നിരോധിക്കപ്പെടുകയും കത്തിക്കപ്പെടുകയും കുഴിച്ചിടപ്പെടുകയും ചെയ്തിട്ടുണ്ട്. ഇന്നും അനേക രാജ്യങ്ങളിലും ബൈബിൾ വിൽക്കുവാനോ പരസ്യമായി വായിക്കുവാനോ സാധ്യമല്ല. നമുക്ക് ഇന്ന് ബൈബിൾ കൈയ്യിലുള്ളതുകൊണ്ട് നാം എത്ര നന്ദിയുള്ളവരായിരിക്കണം! മനുഷ്യരോ ഭരണകൂടമോ ചെയ്തതിനും മുകളിൽ ദൈവം കർതൃത്വം നടത്തി അങ്ങനെ ബൈബിൾ അതിജീവിച്ചു. ഇത് ഇന്നും ലോകത്തിൽ വിപണിയിലെ ഏറ്റവും വിറ്റഴിക്കപ്പെടുന്ന പുസ്തകമാണ്!

**4. ബൈബിൾ വ്യക്തിജീവിതങ്ങളുടെ മേൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്.**

ക്രിസ്ത്യാനിത്വത്തിന്റെ സത്യത്തെക്കുറിച്ച് ഒരാളെ ബോധ്യം വരുത്തുവാൻ ശ്രമിച്ചിട്ട് ഒരു അവസാന പരിധിയിലെത്തുവാൻ സാധ്യതയുണ്ട്. അവയ്ക്ക് എല്ലാത്തിനെക്കുറിച്ചുമുള്ള ഉത്തരങ്ങളുണ്ട്! തങ്ങൾക്ക് കർത്താവ് ചെയ്തതിനെക്കുറിച്ചും തങ്ങളുടെ ജീവിതത്തിൽ വന്ന മാറ്റത്തെക്കുറിച്ചും മാത്രം പറഞ്ഞ് മുന്നോട്ട് പോകുവാനാണ് ചിലർ ശ്രമിക്കുന്നത്. ഇവയ്ക്ക് എതിരായി ആർക്കും ഒന്നും എതിർത്തു പറയാനാവില്ല. ഉദാഹരണത്തിന്, പൗലോസ് സംസാരിച്ചതിനെ ബെരോവയിലുള്ളവർ പഴയനിയമവുമായി താരതമ്യപ്പെടുത്തി പരിശോധിച്ചു (അപ്പോസ്തലപ്രവൃത്തികൾ 17:10–12 വായിക്കുക). ഇതേപോലെ തന്നെ, ക്രിസ്തു നമുക്കുവേണ്ടി ചെയ്തതിനെക്കുറിച്ചുള്ള നമ്മുടെ വ്യക്തിപരമായ അനുഭവവും ഓരോ ദിവസവും അവന്റെ വചനം നമ്മെ നയിക്കുന്നതും ക്രിസ്തീയ ജീവിതത്തിൽ ബൈബിളിന്റെ വിശ്വാസീയതയ്ക്കും പ്രസക്തിക്കുമുള്ള തെളിവാണ്.

**5. പുരാവാസ്തു ശാസ്ത്രത്തിനാൽ ബൈബിൾ സ്ഥിരീകരിക്കപ്പെട്ടു.**

വളരെ പ്രശസ്തിയുള്ള ഒരു പുരാവസ്തു ശാസ്ത്രജ്ഞൻ പറഞ്ഞത് ഇപ്രകാരമാണ്– നിങ്ങൾക്ക് പുരാവസ്തു ഗവേഷണം കൊണ്ട് ബൈബിൾ തെളിയിക്കുവാൻ സാധിക്കുകയില്ല, മറിച്ച് പുരാവസ്തു ശാസ്ത്രം അത് തെളിയിക്കുന്നു. അദ്ദേഹം പറഞ്ഞതിന്റെ അർത്ഥം, പശ്ചിമ ഏഷ്യൻ പ്രദേശങ്ങളിൽ നടത്തിയ അനേകം ഉൽഖനനത്തിൽ ബൈബിളിൽ സൂചിപ്പിച്ചിട്ടുള്ള അനേകം കരകൗശല ഉത്പന്നങ്ങൾ ലഭിച്ചിട്ടുണ്ട് എന്നാൽ ബൈബിളിന് വിരോധമായി യാതൊന്നും ലഭിച്ചിട്ടില്ല എന്നാണ്!

**പഠനം 1.** ബൈബിൾ എന്തുകൊണ്ട് വിശ്വസിക്കണം

**1** ചുവടെയുള്ള പ്രസ്താവനകൾ **ശരിയോ തെറ്റോ** എന്നെഴുതുക:-

a. **ബൈബിൾ ദൈവവചനമാണെന്ന് ശാസ്ത്രീയമായി തെളിയിക്കുവാൻ കഴിയില്ല.** ........................

b. **ക്രിസ്ത്യാനികൾ ബൈബിളിന്റെ ചില ഭാഗങ്ങൾ മാത്രം വായിച്ചാൽ മതി.** ........................

c. **യേശുകർത്താവ് പഴയനിയമത്തിൽ വിശ്വസിച്ചിരുന്നില്ല.** ........................

d. **ദൈവത്തിന് കള്ളം പറയുവാനാവില്ല, അതുകൊണ്ട് ബൈബിൾ സത്യമാണ്.** ........................

e. **ദൈവം തന്റെ വചനം ക്രിസ്ത്യാനികൾ വിശ്വാസത്തോടെ അംഗീകരിക്കണം എന്ന് ആവശ്യപ്പെടുന്നു.** ........................

5

**2** ബൈബിൾ നശിപ്പിക്കുവാനായി പല കാലഘട്ടങ്ങളിൽ വിവിധ രാജ്യങ്ങളിൽ മനുഷ്യരും ഭരണകൂടങ്ങളും എല്ലാം തന്നെ ചെയ്തിട്ടും ബൈബിൾ അതിജീവിച്ചു ഇത് എപ്രകാരം വിവരിക്കുവാൻ സാധിക്കും?

..............................................................................................................

..............................................................................................................

..............................................................................................................

3

**3** ***മത്തായി 27*** ശ്രദ്ധിച്ചശേഷം ***(പ്രത്യേകിച്ചും 8,9,35 എന്നീ വാക്യങ്ങൾ)*** യേശുകർത്താവിന്റെ മരണസമയത്ത് പഴയ നിയമത്തിലെ ഏതൊക്കെ പ്രവചനങ്ങളാണ് നിവർത്തിയായത് എന്ന് വിവരിക്കുക.

..............................................................................................................

..............................................................................................................

..............................................................................................................

..............................................................................................................

4

**4** ***അപ്പോസ്തലപ്രവൃത്തികൾ 17:10 – 12*** വായിച്ചശേഷം ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**പൗലോസിൽ നിന്നും തങ്ങൾക്ക് ലഭിച്ച സന്ദേശത്തെ ബെരോവയിലുള്ളവർ എങ്ങനെയാണ് സ്വീകരിച്ചത്?** ..........................................................................

**അവർ ഓരോ ദിവസവും എന്താണ് ചെയ്തത്?** ..........................................................................

**ഇത് അവരിൽ എന്ത് സ്വാധീനമാണ് വരുത്തിയത്?** ..........................................................................

**നമുക്ക് ഇതിൽ നിന്നും എന്താണ് പഠിക്കാൻ കഴിയുന്നത്?** ..........................................................................

5

**5** ബൈബിളിനെ ദൈവവചനമായി കാക്കുവാൻ സഹായിക്കുന്ന ഈ പഠനത്തിൽ നിന്നും നിങ്ങൾ എന്തു മനസ്സിലാക്കി? ഈ പഠനം പ്രമുഖമായി കാണിച്ച അഞ്ച് വസ്തുതകളിൽ ഏതെങ്കിലും രണ്ടു കാര്യങ്ങൾ തിരഞ്ഞെടുത്തശേഷം അവയെ **നിങ്ങളുടെ സ്വന്തം വാക്കുകളിൽ** ചുരുക്കമായി എഴുതുക.

..............................................................................................................

..............................................................................................................

..............................................................................................................

6

**6** ബൈബിളിനോടുള്ള നമ്മുടെ വ്യക്തിപരമായ അനുഭവം ഇത് ദൈവത്താൽ എഴുതപ്പെട്ടു എന്ന് മനസ്സിലാക്കുന്നതിൽ നമ്മെ സഹായിക്കുന്നുവെന്ന് ഈ പഠനം ചൂണ്ടിക്കാണിക്കുന്നു. ബൈബിൾ നിങ്ങൾക്ക് എപ്രകാരമാണെന്ന് ചുരുക്കമായി എഴുതുക.

..............................................................................................................

..............................................................................................................

..............................................................................................................

2

**25**

ആകെ മാർക്ക്

# ന്യൂലൈഫ്

**ബൈബിൾ പഠന കോഴ്സ്**

# ബൈബിൾ

**യൂണിറ്റ് B**

## പഠനം 2. ബൈബിൾ എന്തിന് അനുസരിക്കണം

**വായിക്കുക: യാക്കോബ് 1:19 – 25**

പേര്...............................................

**താക്കോൽവാക്യം: മത്തായി 7:24**

**"ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോട് തുല്യനാകുന്നു"**



വിദ്യാർത്ഥികൾക്ക് തങ്ങളുടെ ജീവിതത്തിലെ ആശ്വാസത്തിനായി ബൈബിൾ വായനയുടേയും പഠനത്തിന്റേയും പ്രാധാന്യത ബൈബിളിനെക്കുറിച്ചുള്ള ഈ പഠനത്തിൽ ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. എന്നിരുന്നാലും ബൈബിൾ വായിച്ച് അതിനെക്കുറിച്ച് അറിവു നേടുക എന്നതല്ല ഉദ്ദേശിക്കുന്നത് മറിച്ച് ഇതിന്റെ ഉപദേശങ്ങൾ പ്രവർത്തിയിൽ കൊണ്ടുവരേണ്ടത് ആവശ്യമാണ്. ബൈബിളിലെ സത്യങ്ങൾ നമ്മുടെ ജീവിതശൈലിയെ യാതൊരു തരത്തിലും ബാധിക്കുന്നില്ലെങ്കിൽ ബൈബിൾ വായിക്കുന്നതുകൊണ്ട് യാതൊരു മൂല്യവും ഉണ്ടാവുന്നില്ല. നമ്മുടെ വിശ്വാസം എപ്രകാരമാണ് പ്രവർത്തികളായി വെളിപ്പെടേണ്ടത് എന്ന് ചൂണ്ടിക്കാണിക്കുന്ന പുതിയനിയമത്തിലെ ഏറ്റവും പ്രയോജനകരമായ ലേഖനമായി കരുതുന്നത് യാക്കോബിന്റെ ലേഖനത്തെയാണ് *(യാക്കോബ് 2:14 - 17).*

**നമ്മുടെ ജീവിതശൈലിയെ ബൈബിൾ സ്വാധീനിക്കുന്നു.**

ബൈബിൾ കൃത്യമായ കാരണങ്ങൾക്കുവേണ്ടി ശരിയായ നിലയിൽ വായിക്കേണ്ടുന്ന ആവശ്യകതയെക്കുറിച്ചാണ് വായനാഭാഗത്ത് യാക്കോബ് പഠിപ്പിക്കുന്നത്. നാം ബൈബിൾ വെറുതെ ഒരു കൗതുകത്തിനായോ, വിനോദത്തിനായോ, യെഹെസ്ക്കേലിന്റെ കാലത്തുണ്ടായിരുന്ന ദുഷ്ടന്മാരെപ്പോലെയോ വായിക്കരുത്. ഈ ദുഷ്ടന്മാരെക്കുറിച്ച് ഇപ്രകാരമാണ് പറഞ്ഞിരിക്കുന്നത്: "സംഘം കൂടി വരുന്നതുപോലെ അവർ നിന്റെ അടുക്കൽ വന്ന് എന്റെ ജനമായിട്ട് നിന്റെ മുമ്പിലിരുന്ന് നിന്റെ വചനങ്ങളെ കേൾക്കുന്നു; എന്നാൽ അവർ അവയെ ചെയ്യുന്നില്ല" *(യെഹെസ്ക്കേൽ 33:31).* നാം എപ്രകാരമാണ് ജീവിക്കേണ്ടത് എന്ന് അറിയുവാനുള്ള ആഗ്രഹത്തോടെയാവണം ബൈബിൾ വായിക്കേണ്ടത്. നാം ബൈബിൾ വായിക്കുന്നതുകൊണ്ടോ, പ്രാർത്ഥിക്കുന്നതുകൊണ്ടോ, സഭാ കൂട്ടായ്മയിൽ പോകുന്നതുകൊണ്ടോ, മറ്റ് ക്രിസ്ത്യാനികളുമായി ഇടപഴകുന്നതുകൊണ്ടോ നമ്മുടെ ജീവിതം തികച്ചും ശരിയായി നിലയിലാണുള്ളത് എന്ന് കരുതരുത്. യാക്കോബ് ഇതിനെ 'അല്ല' എന്നു തന്നെയാണ് പറയുന്നത്. 19-ാം വാക്യത്തിൽ കോപിക്കുന്നതിന്റെ അപകടത്തെക്കുറിച്ചും 21-ാം വാക്യത്തിൽ ദുഷ്ടതയുടെ ആധിക്യത്തെക്കുറിച്ചും താൻ പറയുന്നുണ്ട്. നമ്മിൽ നട്ടിരിക്കുന്ന ദൈവവചനം സൗമ്യതയോടെ കൈക്കൊള്ളണമെന്നാണ് യാക്കോബ് നൽകുന്ന ഉത്തരം. ദൈവവചനം നമ്മിൽ നടുമ്പോൾ (വായനയിലൂടെയും ധ്യാനത്തിലൂടെയും) നമുക്ക് ശക്തരാകുവാനും പിശാചിന്റേയും ലോകത്തിന്റേയും നമ്മുടെ തന്നെ ജഡത്തിന്റെ സ്വാധീനതയെ ചെറുത്തു നിൽക്കുവാനും കഴിയും എന്നാണ് താൻ പറയുന്നത്. ദൈവവചനത്തെ അവഗണിക്കുന്ന ക്രിസ്ത്യാനികൾ ദിവസേന ജീവിതത്തിൽ വിശുദ്ധി പുലർത്തുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്നതിൽ അതിശയപ്പെടാനില്ല.

**നാം ആരാണെന്ന് ബൈബിൾ വെളിപ്പെടുത്തുന്നു.**

യാക്കോബ് ബൈബിളിനെ ഒരു കണ്ണാടിയോട് ഉപമിച്ചിരിക്കുന്നു *(യാക്കോബ് 1:23 - 25).* നാം കണ്ണാടിയിൽ നോക്കി നമ്മുടെ മുഖത്ത് എന്തെങ്കിലും അഴുക്ക് പാടുകൾ കണ്ടാലുടൻ നാം കഴുകി കളയുന്നു. എന്നുവെച്ചാൽ നാം എങ്ങനെയാണോ കാണപ്പെടേണ്ടത് എന്നതിനേയും ഇപ്പോൾ എങ്ങനെയാണോ കാണപ്പെട്ടിരിക്കുന്നത് എന്നതിനേയും താരതമ്യം ചെയ്യുന്നു, ഇതിൽ എന്തെങ്കിലും പിശക് ഉണ്ടെങ്കിൽ അത് ശരിയാക്കുവാനായി എന്തെങ്കിലും ചെയ്യുന്നു. നാം വചനത്തിൽ ശ്രദ്ധിച്ചു നോക്കിയിട്ട് നാം ദൈവത്തിന് പ്രസാദകരമായിട്ടല്ല ജീവിക്കുന്നത് എന്ന് മനസ്സിലാക്കിയാൽ അതിനെ അവഗണിക്കാതെ അത് ശരിയാക്കുന്നതിനുള്ള ശ്രമം നടത്തണം എന്നാണ് യാക്കോബ് പഠിപ്പിക്കുന്നത്.

വായനാഭാഗത്ത് രണ്ട് വ്യത്യസ്ത മനുഷ്യരെ പരിചയപ്പെടുത്തുന്നു. ഒന്നാമത്തെ മനുഷ്യൻ കണ്ണാടിയിൽ വളരെ വേഗത്തിലും അശ്രദ്ധയോടെയും ഒന്നു നോക്കുന്നു തന്റെ മുഖത്തെ പാടുകൾ ശ്രദ്ധിക്കുന്നതിന് പകരം താൻ പുറപ്പെട്ടു പോകുമ്പോഴും താൻ കണ്ടതിനെ മറക്കുകയും ചെയ്യുന്നു. ഇങ്ങനെയാകുമ്പോൾ മുമ്പ് താൻ എങ്ങനെയായിരുന്നുവോ അപ്രകാരം തന്നെ തുടരുന്നതിന് ഇടയാവുന്നു.

രണ്ടാമത്തെ മനുഷ്യൻ ദൈവചനത്തിൽ വെറുതെ നോക്കുകയല്ല ചെയ്യുന്നത് മറിച്ച് താൻ വളരെ ശ്രദ്ധയോടെ ഉറ്റു നോക്കുന്നു. താൻ അവിടെ കാണുന്നത് ശ്രദ്ധയോടെ വിവേചിക്കുന്നു. ഒന്നാമത്തെ മനുഷ്യനെപ്പോലെയാകാതെ താൻ വായിക്കുന്നത് മറക്കാതെയിരിക്കുന്നു. അത് പറയുന്നത് അവൻ അനുസരിക്കുന്നു (സങ്കീർത്തനം 119:9 കാണുക).

**ബൈബിൾ നമ്മെ ദൈവത്തിന്റെ അനുഗ്രഹത്തിലേക്ക് കൊണ്ടുവരുന്നു.**

"സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണം" എന്നാണ് ദൈവവചനത്തെ യാക്കോബ് വിളിച്ചിരിക്കുന്നത്. ഇത് ദൈവത്തിന്റെ പ്രമാണമാണ് കാരണം ഇത് ഈ അഖിലാണ്ഡത്തിന്റെ പരമോന്നതനായ അധിപനാൽ നൽകപ്പെട്ടതും ദൈവകല്പനയുടെ ശക്തി വഹിക്കുന്നതുമാണ്. ക്രിസ്ത്യാനികൾക്ക് 'അവന്റെ കല്പനകൾ ഭാരമുള്ളവയല്ല ' *(1 യോഹന്നാൻ 5:3).* ഇത് അവകാശവും സ്വാതന്ത്ര്യവും കൊണ്ടുവരുന്നു. ദൈവത്തിന്റെ വചനം അനുസരിക്കുകയെന്നാൽ പാപത്തിന്റെ തടവറയിൽ നിന്നോ അടിമത്വത്തിൽ നിന്നോ ഉള്ള സ്വാതന്ത്ര്യമാണെന്നാണ് എന്നാൽ ബൈബിൾ അവരെ പാപത്തിന്റെ അടിമകൾ എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. യേശുകർത്താവ് ജനങ്ങളോടായി ഇപ്രകാരം പറയുകയുണ്ടായി "ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു; പാപം ചെയ്യുന്നവനെല്ലാം പാപത്തിന്റെ ദാസൻ ആകുന്നു " *(യോഹന്നാൻ 8:34 - 36).* ദൈവം ആഗ്രഹിക്കുന്ന നിലയിലല്ലാതെ ആളുകൾ തോന്നിയതുപോലെ ജീവിക്കുമ്പോൾ അവർ തങ്ങളെത്തന്നെ പാപത്തിനും പിശാചിനും ഏൽപ്പിച്ചു കൊടുക്കുകയാണ് ചെയ്യുന്നത്. ദൈവവചനത്തോടുള്ള അനുസരണം എപ്പോഴും ശരിയായ അധികാരവും സ്വാതന്ത്ര്യവും നൽകുന്നു.

ഒരു ക്രിസ്ത്യാനി ഒരിക്കലും മറക്കുന്ന ഒരു കേൾവിക്കാരനാകരുത് മറിച്ച് ചെയ്യുന്ന ഒരു പ്രവർത്തകനായിരിക്കണം. ദൈവവചനം കേൾക്കുക മാത്രം ചെയ്തിട്ട് അത് പ്രവർത്തിക്കാത്തവൻ മുഴുവനും ചെവികളാണ്- അവന് കൈകളോ കാലുകളോ ഇല്ല!

ദൈവവചനം പ്രവർത്തിക്കുന്നതിലും ശ്രദ്ധിച്ചു വായിക്കുന്നതിലും നമ്മെത്തന്നെ സൂക്ഷിക്കുവാനാണ് യാക്കോബ് പറയുന്നത്. തന്നിൽ വിശ്വസിക്കുന്നുവെന്ന് പ്രഖ്യാപിച്ച യെഹൂദന്മാരോട് യേശു ഇപ്രകാരമാണ് പറഞ്ഞത് "എന്റെ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും " *(യോഹന്നാൻ 8:31 - 32).*

ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവൻ ഭാഗ്യവാനാണെന്ന് (സന്തോഷമുള്ളവനാണ്) ഓർമ്മപ്പെടുത്തിക്കൊണ്ടാണ് വായനാഭാഗം പര്യവസാനിക്കുന്നത്. ക്രിസ്ത്യാനികൾ എന്ന നിലയിൽ ദൈവവചനം വായിക്കുന്നതിൽ നാം ആനന്ദം കണ്ടെത്തുന്നവരാണ് എന്നാൽ ശരിയായ സന്തോഷം വരുന്നത് അത് അനുസരിക്കുമ്പോഴാണെന്നാണ് യാക്കോബ് വ്യക്തമാക്കുന്നത്.

**പഠനം 2.** ബൈബിൾ എന്തിന് അനുസരിക്കണം

1. തങ്ങളുടെ വിശ്വാസത്തെ പ്രവൃത്തിയിലൂടെ വെളിപ്പെടുത്തിയ പഴയനിയമത്തിലെ രണ്ട് വ്യക്തികളുടെ പേരുകൾ ***യാക്കോബ് 2:20 – 26*** ൽ കൊടുത്തിരിക്കുന്നു. അവർ ആരൊക്കെയാണ്? അവരുടെ വിശ്വാസം വെളിപ്പെടുത്തുവാൻ അവർ എന്തെല്ലാമാണ് ചെയ്തത്?

..............................................................................................................

..............................................................................................................

.............................................................................................................. 4

..............................................................................................................

2. വായനാഭാഗം വീണ്ടും നോക്കിയശേഷം യാക്കോബ് താൻ ലേഖനമെഴുതിയവർക്ക് നൽകിയ പ്രായോഗിക ജീവിതത്തെക്കുറിച്ചുള്ള മൂന്ന് ഉപദേശങ്ങൾ ചുവടെ എടുത്തെഴുതുക

..............................................................................................................

.............................................................................................................. 3

..............................................................................................................

3. വളരെ പ്രസിദ്ധമായ ഒരു ഉപമയിൽ യേശുകർത്താവ് കേൾക്കുന്നവരേയും ചെയ്യുന്നവരേയും കുറിച്ച് സംസാരിച്ചിട്ടുണ്ട്. ഈ ഉപമയുടെ അർത്ഥം നിങ്ങളുടെ സ്വന്തം വാക്കുകളിൽ എഴുതുക.

..............................................................................................................

.............................................................................................................. 5

..............................................................................................................

..............................................................................................................

4. യാക്കോബ് കണ്ണാടിയെക്കുറിച്ച് പറഞ്ഞിരിക്കുന്ന ഉദാഹരണം ഏറ്റവും നന്നായിരിക്കുന്നത് എന്തുകൊണ്ട്?

..............................................................................................................

.............................................................................................................. 3

..............................................................................................................

5. തന്റെ ശിഷ്യന്മാർ തന്നിൽ വസിക്കണമെന്നും തന്റെ വചനങ്ങൾ അവരുടെ ഉള്ളിൽ വസിക്കണമെന്നും യേശുകർത്താവ് പറയുകയുണ്ടായി (***യോഹന്നാൻ 15:7***) ഈ കാര്യം ഓരോ ദിവസവും നമുക്കു ചെയ്യുവാൻ കഴിയുന്നതിനുള്ള വഴികൾ ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിക്കുക.

..............................................................................................................

..............................................................................................................

.............................................................................................................. 4

..............................................................................................................

6. ദൈവത്തെ അനുസരിച്ച മൂന്നുപേരുടെ ഒരു പട്ടിക ***എബ്രായർ 11:4 – 17*** നോക്കി എഴുതുക. ഓരോരുത്തരും എന്താണ് ചെയ്തത് എന്നും എഴുതുക.

..............................................................................................................

..............................................................................................................

.............................................................................................................. 6

..............................................................................................................

25
ആകെ മാർക്ക്

# ന്യൂലൈഫ്

**ബൈബിൾ പഠന കോഴ്സ്**

# ബൈബിൾ

**യൂണിറ്റ് B**

## പഠനം 3. ബൈബിളിന്റെ ഉദ്ദേശ്യമെന്ത്?

പേര്.............................................

**വായനാഭാഗം: മർക്കോസ് 4:1 – 9**

**താക്കോൽവാക്യം: സങ്കീർത്തനം 119:130**

**"നിന്റെ വചനങ്ങളുടെ വിശകലനം പ്രകാശപ്രദം ആകുന്നു; അത് അല്പബുദ്ധികളെ ബുദ്ധിമാന്മാരാക്കുന്നു**

ആരോ ഒരിക്കൽ പറയുകയുണ്ടായി ബൈബിൾ ഒരു വലിയ ചിത്രസംഹിതയാണ് എന്നാൽ ഭൂരിഭാഗം ബൈബിളുകളിലും ചിത്രങ്ങൾ ഒന്നും തന്നെയില്ല! എന്നുവെച്ചാൽ ഒരു പ്രത്യേക സത്യത്തിന്റെ അർത്ഥം വിവരിക്കുവാൻ ബൈബിൾ "ചിത്രമാനമായ വാക്കുകൾ " ഉപയോഗിച്ചിട്ടുണ്ട് എന്നതാണ്. ഉദാഹരണത്തിന്, യേശുക്രിസ്തു തന്റെ മരണത്തിന്റെ കാരണത്തെക്കുറിച്ച് ഒരു പ്രത്യേക നിലയിൽ സംസാരിച്ചിട്ടുണ്ട്. "ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു" (*യോഹന്നാൻ 10:11*). ഈ ചിത്രസമാനവാക്ക് യേശുകർത്താവ് ആർക്കുവേണ്ടി, എന്തിനുവേണ്ടി മരിച്ചുവെന്ന് മനസ്സിലാക്കുന്നതിന് നമ്മെ സഹായിക്കുന്നു. ഇതേപോലെ, ഒരു സത്യത്തെ വളരെ ഗാംഭീര്യത്തോടെ ചിത്രീകരിക്കുന്നവയാണ് ഉപമകൾ. ഉദാഹരണത്തിന്, നമ്മുടെ അയൽക്കാരൻ ആരുതന്നെയായാലും അവനെ സ്നേഹിക്കണമെന്നാണ് നല്ല ശമര്യാക്കാരന്റെ ഉപമ വളരെ വ്യക്തമായി വിശദീകരിക്കുന്നത്.

ബൈബിളിന്റെ തന്നെ പ്രാധാന്യത വിവരിക്കുവാൻ ചില ചിത്രസമാനമായ വാക്കുകൾ ബൈബിൾ ഉപയോഗിക്കുന്നുണ്ട്.

### 1. പ്രകാശം



നാം സ്വഭാവികമായി എപ്രകാരമുള്ളവരാണെന്ന് കാണിക്കുവാൻ ബൈബിൾ പലപ്പോഴും അന്ധകാരം എന്ന ചിത്രസമാനവാക്ക് ഉപയോഗിച്ചിട്ടുണ്ട്. നമ്മുടെ രക്ഷ "അന്ധകാരത്തിൽ നിന്നും അത്ഭുതപ്രകാശത്തിലേക്ക് " (*1 പത്രോസ് 2:9*) വിളിക്കപ്പെട്ടതുപോലെയാണെന്ന് പത്രോസ് എഴുതിയിരിക്കുന്നു. നാം അന്ധകാരത്തിലായിരുന്നുവെങ്കിൽ വെളിച്ചത്തിലേക്കുള്ള വഴി നാം അന്വേഷിക്കേണ്ടിയിരുന്നു. *സങ്കീർത്തനം 119:105* ഇതിനുള്ള ഉത്തരമാണ്, "നിന്റെ വചനം എന്റെ കാലിന് ദീപവും എന്റെ പാതയ്ക്ക് പ്രകാശവും ആകുന്നു ബൈബിൾ കൂടാതെ നമുക്ക് യേശുകർത്താവിങ്കലേക്കുള്ള വഴി കണ്ടെത്താനാവില്ല അഥവാ നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ വഴി കണ്ടെത്താനാവില്ല.

### 2. വെള്ളം



നാം ആദ്യം സുവിശേഷത്തിൽ വിശ്വസിച്ചപ്പോൾ നാം നമ്മുടെ പാപങ്ങളിൽനിന്ന് വിടുതൽ (കഴുകൽ) പ്രാപിച്ചു (*വെളിപ്പാട് 1:6*) ദൈവത്തിന്റെ ദൃഷ്ടിയിൽ നാം എന്നെന്നേക്കുമായി ശുദ്ധിയുള്ളവരാണ്. എന്നാൽ നാം ഇപ്പോഴും നമ്മുടെ പാപസ്വഭാവത്തിലാണ് ഓരോ ദിവസവും നാം പാപം ചെയ്യുന്നു, ഇതിൽ നിന്നുള്ള ശുദ്ധി നമുക്ക് ആവശ്യമാണ്. യോഹന്നാൻ ഇപ്രകാരം പറയുന്നു, "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നുവെങ്കിൽ അവൻ നമ്മോട പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" (*1 യോഹന്നാൻ 1:9*) നാം ഓരോ ദിവസവും നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നുവെങ്കിൽ അവൻ ഓരോ ദിവസവും നമ്മുടെ പാപങ്ങളെ ക്ഷമിച്ച് നമ്മെ ശുദ്ധരാക്കും. ഇത് എപ്രകാരമാണ് സംഭവിക്കുന്നത്? *യോഹന്നാൻ 15:3* ൽ യേശുകർത്താവ് ഇതിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട് "ഞാൻ നിങ്ങളോട് സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു " സ്കൂളിലോ ജോലിസ്ഥലത്തോ പോകുന്നതിന് മുമ്പ് നമ്മുടെ ശരീരം കഴുകുവാൻ സാധാരണ വെള്ളം ഉപയോഗിക്കുന്നതുപോലെ നമ്മുടെ ആത്മീയ ശുചീകരണത്തിന് ദൈവത്തിന്റെ വചനം അത്യന്താപേഷിതമാണ്.

### 3. വാൾ



ഒരു ക്രിസ്ത്യാനിയുടെ ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്ന് സാത്താനുമായുള്ള അവന്റെ യുദ്ധമാണ്. യേശുകർത്താവ് പിശാചിന്റെ എതിർപ്പ് നേരിട്ടതുപോലെ നാമും നേരിടേണ്ടി വരും! പൗലോസ് ഇത് ഉദാഹരിക്കുന്നതിന് ഒരു പ്രയോജനകരമായ ചിത്രം *എഫെസ്യർ 6:10 - 17* ൽ കൊടുത്തിരിക്കുന്നു. ഒരു ക്രിസ്ത്യാനിയുടെ ആറുഭാഗമുള്ള ഒരു ആയുധത്തെ വിവരിച്ചശേഷം താൻ ഇപ്രകാരം ഉപസംഹരിക്കുന്നു "ദൈവവചനമെന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ " (*വാക്യം 17*). ദുഷ്ടനിൽ നിന്ന് നാം അഭിമുഖീകരിക്കുന്ന പ്രലോഭനങ്ങളെ നേരിടുവാൻ ഈ ആയുധമാണ് നാം ഉപയോഗിക്കേണ്ടത്. ഈ "ആത്മാവിന്റെ വാൾ " ധരിച്ചുകൊണ്ട് യേശുകർത്താവ് പിശാചിനെ എപ്രകാരമാണ് അതിജീവിച്ചത് എന്നോർക്കുക (*മത്തായി 4:1 - 11*). തന്റെ പരീക്ഷയിൽ "എന്ന് (ഇങ്ങനെ) എഴുതിയിരിക്കുന്നുവല്ലോ " എന്ന് ഉത്തരം പറഞ്ഞു കൊണ്ട് പിശാചിന്റെ എതിർപ്പിന് മൂന്ന് വട്ടം മറുപടി നൽകി. ബൈബിൾ എന്ന 'വാൾ' ഉപയോഗിച്ച് കൊണ്ടാണ് അവൻ പിശാചിനെ തോൽപ്പിച്ചത്. ഇതേ ചിത്രം സൂചിപ്പിച്ചിരിക്കുന്ന *എബ്രായർ 4:12* ശ്രദ്ധിക്കുക.

### 4. വിത്ത്



യേശുകർത്താവിന്റെ പ്രശസ്തമായ ഒരു ഉപമയെ നാം 'വിതയ്ക്കുന്നവന്റെ ഉപമ ' എന്ന് വിളിക്കുന്നു (*മർക്കോസ് 4:1 - 9*). ഇതിൽ തന്റെ പ്രസംഗത്തെ കൃഷിക്കാർ വിത്ത് വിതയ്ക്കുന്നതിനോട് ഉപമിച്ച് പറഞ്ഞിരിക്കുന്നു. താൻ തന്റെ ശിഷ്യന്മാർക്ക് ഈ ഉപമ വിവരിച്ച് കൊടുക്കുമ്പോൾ (*മർക്കോസ് 4:13 - 20*) താൻ ഇപ്രകാരം പറഞ്ഞു, "വിതയ്ക്കുന്നവൻ വചനം വിതയ്ക്കുന്നു " വിതച്ച വിത്തുകൾ നാല് തരത്തിലുള്ള സ്ഥലങ്ങളിൽ വീഴുന്നത് ദൈവവചനം പ്രസംഗിച്ച് കേൾക്കുമ്പോഴുള്ള നാല് പ്രതികരണങ്ങളെ പ്രതിനിധീകരിക്കുന്നു. "നല്ല മണ്ണിൽ വിതയ്ക്കപ്പെട്ടതോ വചനം കേൾക്കയും അംഗീകരിക്കുകയും ചെയ്യുന്നവർ തന്നെ, അവർ മുപ്പതും അറുപതും നൂറും മേനി വിളയുന്നു" (*മർക്കോസ് 4:20*). നാം ബൈബിൾ മുടങ്ങാതെ വായിക്കുമ്പോൾ അതിന്റെ സന്ദേശങ്ങൾ സ്വീകരിക്കുകയും അത് നമ്മുടെ ഹൃദയത്തിലേക്ക് ഉൾക്കൊള്ളിക്കുകയും ചെയ്യുക. ഇങ്ങനെ ചെയ്യുന്നതിലൂടെ നാം ദൈവമഹത്വത്തിനായി നമ്മുടെ ജീവിതങ്ങളിൽ ഫലങ്ങളെ പുറപ്പെടുവിക്കുന്നു.

### 5. ചുറ്റിക



യിരമ്യാവ് ഒരു പ്രവാചകനായിരുന്നു. ദൈവത്തിന്റെ ജനത്തിന് താൻ കൊടുത്ത ദൈവവചനം കേൾക്കുവാൻ മനസ്സില്ലാതിരുന്ന ഒരു കാലഘട്ടത്തിലാണ് താൻ ജീവിച്ചിരുന്നത്. എന്നിരുന്നാലും ഓരോരോ സമയത്തും യിരമ്യാവ് വിശ്വസ്തതയോടെ അതേ സന്ദേശം അറിയിച്ചു കൊണ്ടിരുന്നു. താൻ ഒരു ചുറ്റികയുടെ ചിത്രത്തെ സൂചിപ്പിക്കുന്നതിൽ അത്ഭുതപ്പെടാനില്ല കാരണം ഇത് ഉറപ്പുള്ളതാണ്. നിരന്തരമായി ദൈവവചനം കൊണ്ട് പ്രഹരമേൽപ്പിച്ചപ്പോൾ ചില ഫലങ്ങൾ നേടുവാനായി തുടങ്ങി. "എന്റെ വചനം തീ പോലെയും പാറയെ തകർക്കുന്ന ചുറ്റിക പോലെയും അല്ലയോ എന്ന് യഹോവയുടെ അരുളപ്പാട് "(*യിരമ്യാവ് 23:29*).

ജീവനുള്ള ഈ ദൈവവചനത്തിന് നമ്മുടെ ജീവിതത്തിൽ വിവിധ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കാം എന്ന് നാം മനസ്സിലാക്കി. ദൈവവചനത്തിന്റെ ദൈനന്ദിന പാരായണവും ജീവിതത്തിലേക്ക് പകർത്തുന്നത് നിങ്ങളുടെ ജീവിതത്തിൽ എന്തെങ്കിലും പ്രയോജനം ഉണ്ടാക്കിയിട്ടുണ്ടോ?

**1** ക്രിസ്ത്യാനികളായ നാമും സാന്മാർഗ്ഗീകമായും ആത്മീയമായും അന്ധകാരം നിറഞ്ഞ ഈ ലോകത്തിൽ നമ്മുടെ പാത കണ്ടെത്തുന്നതിൽ സംഘർഷം അനുഭവിക്കുന്നവരാണ്.

a. ഏതു നിലയിലാണ് ഈ ലോകം സാന്മാർഗ്ഗീകമായും ആത്മീയമായും അന്ധകാരമായിരിക്കുന്നത്?

..........................................................................................................................

..........................................................................................................................

b. ഈ വഴി കണ്ടെത്തുവാൻ ബൈബിൾ ഒരു യുവക്രിസ്ത്യാനിയെ സഹായിക്കുന്നതെങ്ങനെ?

..........................................................................................................................

.......................................................................................................................... 4

**2** ചുവടെയുള്ള പ്രസ്താവനകൾക്ക് (✓) ചിഹ്നമോ (✗) ചിഹ്നമോ കൃത്യമായി നൽകുക.

i. ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചുവെന്ന് വിശ്വസിക്കുമ്പോൾ അവൻ നമ്മെ എന്നെന്നേക്കുമായി കഴുകി വെടിപ്പാക്കുന്നു. ☐

ii. നാം ക്രിസ്ത്യാനിയായ ശേഷം ഒരിക്കലും പാപം ചെയ്യുന്നില്ല. ☐

iii. നാം നമ്മുടെ പാപങ്ങളെ ഓരോ ദിനവും ഏറ്റു പറയണം. ☐

iv. ദൈവത്തെ സംബന്ധിച്ച് നമ്മുടെ സ്വാഭാവികമായ സ്ഥിതിയിൽ നാം വിശുദ്ധനായിരുന്നു എന്നതാണ്. ☐

v. ആത്മീയ ശുചിത്വത്തിന് ബൈബിൾ വായന അത്യന്താപേക്ഷിതമാണ്. ☐ 5

**3** *മത്തായി 4:1- 11* വീണ്ടും വായിച്ചശേഷം ഓരോ പ്രലോഭനങ്ങളും വിവരിക്കുകയും യേശുകർത്താവ് അതിനെ എങ്ങനെ അതിജീവിച്ചുവെന്നും എഴുതുക.

..........................................................................................................................

..........................................................................................................................

.......................................................................................................................... 6

**4** ബൈബിൾ പ്രാധാന്യമുള്ളതായിരിക്കുമ്പോൾ തന്നെ അനേകരും അതിനെ അവഗണിക്കുകയോ അതിന്റെ സന്ദേശത്തെ നിരസിക്കുകയോ ചെയ്യാറുണ്ട്. ഇത് ഇപ്രകാരമാകുവാനുള്ള കാരണം വിവരിക്കുന്നതിന് വിതക്കാരന്റെ ഉപമ എപ്രകാരമാണ് സഹായകരമാകുന്നത്?

..........................................................................................................................

..........................................................................................................................

..........................................................................................................................

.......................................................................................................................... 4

**5** പ്രവാചകന്മാരുടെ സന്ദേശങ്ങൾ അപര്യാപ്തമായിരിക്കുന്നത് എന്തുകൊണ്ട്? *യിരമ്യാവ് 23:29* ൽ രണ്ട് ചിത്രങ്ങൾ കാണുവാൻ സാധിക്കും അവയിൽ ഒന്ന് ഈ പഠനത്തിൽ വിവരിച്ചിട്ടുണ്ട്. **മറ്റേ ചിത്രം** ബൈബിളിനെ പ്രതിനിധീകരിക്കുന്നത് എപ്രകാരമാണെന്നുള്ള ചില വഴികൾ നിർദ്ദേശിക്കുക.

..........................................................................................................................

.......................................................................................................................... 3

..........................................................................................................................

**6** ചുവടെയുള്ള വാക്യങ്ങൾ ശ്രദ്ധിച്ചശേഷം പഠനത്തിലുണ്ടായിരുന്ന അഞ്ച് ചിത്രങ്ങളിൽ ഏതാണ് വളരെ യോജിച്ചവയെന്ന് ഓരോ വാക്യത്തിന്റേയും ചുവടെ എഴുതുക. 3

| ***എബ്രായർ 4:12*** | ***സങ്കീർത്തനം 119:9*** | ***1 പത്രോസ് 1:23*** |
|---|---|---|
| ☐ | ☐ | ☐ |

**25**

ആകെ മാർക്ക്

# ബൈബിൾ

## യൂണിറ്റ് B

## പഠനം 4. ആരാണ് ദൈവവചനം?

പേര്..............................................

വായനാഭാഗം: യോഹന്നാൻ 1:1 – 14

**താക്കോൽവാക്യം: യോഹന്നാൻ 1:14**

**"വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു"**

നാം ബൈബിളിനെ "ജീവനുള്ള ദൈവവചനം " എന്ന് വിശേഷിപ്പിച്ചിട്ടുണ്ട് അത് തികച്ചും ശരിയാണ്. മൂന്നാമത്തെ പഠനത്തിൽ നാം ചിത്രങ്ങളെല്ലാം തന്നെ ജീവിതത്തേയും പ്രവൃത്തിയേയും സൂചിപ്പിക്കുന്നതാണ്. ബൈബിളിനുള്ളതുപോലെ വ്യക്തികളുടെ ജീവിതത്തിൽ സ്വാധീനം വരുത്തുവാൻ ഒരു നിർജ്ജീവ പുസ്തകത്തിന് കഴിയുകയില്ല. യേശുകർത്താവിനെ ദൈവവചനമായി കണക്കാക്കുവാൻ സാധിക്കും എന്നത് പ്രാധാന്യമുള്ള കാര്യമാണ്. "ആദിയിൽ വചനമുണ്ടായിരുന്നു വചനം ദൈവത്തോടു കൂടെയായിരുന്നു; വചനം ദൈവമായിരുന്നു" *( യോഹന്നാൻ 1:1)* യേശുകർത്താവിനെ ശ്രദ്ധിക്കുന്നതിലൂടെ ബൈബിളിന്റെ നിസ്തുല്യതയേയും പ്രാധാന്യത്തേയും മനസ്സിലാക്കുന്നതിൽ കൂടുതൽ പഠിക്കുന്നതിൽ സഹായകരമാണ്.

### വചനം (യേശുകർത്താവ്) നിത്യമാണ്.

ഈ ഭൂമിയിൽ യേശുകർത്താവ് ഏകദേശം 33 വർഷം ജീവിച്ചിരുന്ന ഒരാളായി മാത്രമാണ് ചിലർ കരുതുന്നത്. "അവൻ ആദിയിൽ ദൈവത്തോടു കൂടെ ആയിരുന്നു" *(യോഹന്നാൻ 1:2)* ഈ പ്രസ്താവനയിൽ നിന്നും യേശുകർത്താവ് നിത്യനാണെന്നും അവന് ആരംഭമില്ലെന്നുമാണ് നാം മനസ്സിലാക്കേണ്ടത്. അവന് അവസാനവും ഇല്ല. 'ഞാൻ മരിച്ചവനായിരുന്നു എന്നാൽ ഇതാ എന്നന്നേക്കും ജീവിച്ചിരിക്കുന്നു' *(വെളിപ്പാട് 1:18)*. ബൈബിൾ ദൈവത്തിൽ നിന്നും മനുഷ്യനിലേക്ക് വന്നതാണെങ്കിലും അതിന് ഒരു ആരംഭവമുണ്ട്, എന്നാൽ യേശുകർത്താവിനെപ്പോലെ തന്നെ ബൈബിളിന് ഒരു അവസാനമില്ല. "കർത്താവിന്റെ വചനമോ എന്നേക്കും നിലനിൽക്കുന്നു" *(1 പത്രോസ് 1:25)*.

### വചനം (യേശുകർത്താവ്) ദൈവത്തിന്റെ വാക്കുകൾ മാത്രമാണ് സംസാരിച്ചത്.

യേശുകർത്താവ് ദൈവത്തിന്റെ വക്താവായിരുന്നു ഇത് *യോഹന്നാൻ 3:34* ൽ കാണുന്നു. "ദൈവം അയച്ചവൻ ദൈവത്തിന്റെ വചനം പ്രസ്താവിക്കുന്നു" നാം ഗിരിപ്രഭാഷണം എന്നു വിശേഷിപ്പിക്കുന്ന യേശുക്രിസ്തുവിന്റെ ഉപദേശം താൻ പറഞ്ഞ് അവസാനിപ്പിച്ചപ്പോൾ ഇപ്രകാരം സംഭവിച്ചുവെന്നാണ് നാം മനസ്സിലാക്കുന്നത് "ഈ വചനങ്ങളെ യേശു പറഞ്ഞു തീർന്നപ്പോൾ പുരുഷാരം അവന്റെ ഉപദേശത്തിൽ വിസ്മയിച്ചു. അവരുടെ ശാസ്ത്രിമാരെപ്പോലെ അല്ല അധികാരമുള്ളവനായിട്ടത്രേ അവൻ അവരോട് ഉപദേശിച്ചത്" *(മത്തായി 7:28 - 29)*. അവന്റെ അധരത്തിൽ നിന്ന് വന്ന ഓരോ വാക്കും ദൈവത്തിന്റെ അധികാരത്തോടെ വന്നതാണ്. തന്റെ വാക്കുകളോടുള്ള ബന്ധത്തിൽ താൻ നടത്തിയ പ്രഖ്യാപനങ്ങൾ *യോഹന്നാൻ 14:24 & 17:8* എന്നീ വാക്യങ്ങളിൽ വായിക്കുക. അപ്രകാരം ബൈബിളും യേശുക്രിസ്തു എന്ന വ്യക്തിയും രണ്ടും ദൈവവചനങ്ങളാണ്.


### വചനം (യേശുക്രിസ്തു) ദൈവത്തിന്റെ എല്ലാ വാക്കുകളും നിവർത്തിച്ചു.

യേശുക്രിസ്തു പലപ്പോഴും പഴയനിയമത്തിൽ നിന്നും ഉദ്ധരിച്ചിരുന്നു എന്ന് നാം പഠിച്ചതാണ്. പ്രവാചകന്മാരുടെ വാക്കുകളുടെ നിവർത്തീകരണമാണ് താൻ ചെയ്യുന്നത് എന്നാണ് താൻ ഇതിലൂടെ വ്യക്തമാക്കിയത്. ഉദാഹരണത്തിന്, 'വൈകുന്നേരം ആയപ്പോൾ പല ഭൂതഗ്രസ്തരേയും അവന്റെ അടുക്കൽ കൊണ്ടു വന്നു; അവൻ വാക്കുകൊണ്ട് ദുരാത്മാക്കളെ പുറത്താക്കി സകലദീനക്കാർക്കും സൗഖ്യം വരുത്തി. അവൻ നമ്മുടെ ബലഹീനതകളെ എടുത്തു വ്യാധികളെ ചുമന്നു എന്ന് യെശയ്യാ പ്രവാചകൻ പറഞ്ഞത് നിവർത്തിയാകുവാൻ തന്നെ" *(മത്തായി 8:16 - 17)*. പിന്നീട് താൻ ക്രൂശിൽ മരിച്ചപ്പോൾ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു "അതിന്റെ ശേഷം സകലവും തികഞ്ഞിരിക്കുന്നു എന്ന് യേശു അറിഞ്ഞിട്ട് തിരുവെഴുത്ത് നിവൃത്തിയാകും വണ്ണം എനിക്ക് ദാഹിക്കുന്നു എന്നു പറഞ്ഞു" *(യോഹന്നാൻ 19:28)*. ഇതിനുശേഷം താൻ "സകലവും നിവൃത്തിയായി" എന്നു പറയുകയുണ്ടായി. എന്തെല്ലാം സംഭവിക്കുമെന്ന് ദൈവം പറഞ്ഞിട്ടുണ്ടായിരുന്നതൊക്കെയും അതേപോലെ സംഭവിച്ചു എന്നാണ് യേശുകർത്താവ് ഇതു പറഞ്ഞതിലൂടെ അർത്ഥമാക്കിയത്. ഇനി നിവർത്തിക്കുവാനായി യാതൊന്നുമില്ല. ദൈവപുത്രൻ വ്യക്തമായും ദൈവവചനം പൂർണ്ണമായി നിവർത്തിച്ചു. ഇത് നമുക്ക് എത്രയോ നല്ല ഒരു മാതൃകയാണ്! (പഠനം 2 നോക്കുക)

### വചനം (യേശുക്രിസ്തു) ഓരോരുത്തരുടേയും ആവശ്യത്തെ തൃപ്തിപ്പെടുത്തുന്നു.

യേശുകർത്താവ് പരീക്ഷിക്കപ്പെട്ടപ്പോൾ താൻ പഴയനിയമത്തിലെ വാക്കുകൾ ഉദ്ധരിച്ചതിനെക്കുറിച്ച് നാം കണ്ടുവല്ലോ. വിശപ്പിനോടുള്ള ബന്ധത്തിൽ താൻ പരീക്ഷിക്കപ്പെട്ടപ്പോഴുള്ള വെല്ലുവിളി 'ഈ കല്ലുകൾ അപ്പമാകുവാൻ കല്പിക്ക' എന്നതായിരുന്നു *(മത്തായി 4:3)*. ആവർത്തന പുസ്തകത്തിൽ നിന്നുമുള്ള ഉദ്ധരണിയായിരുന്നു തന്റെ ഉത്തരം "മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല, യഹോവയുടെ വായിൽ നിന്നു പുറപ്പെടുന്ന സകലവചനം കൊണ്ടും ജീവിക്കുന്നു" *(ആവർത്തനപുസ്തകം 8:3)*. പിശാചിന് ഉത്തരം നൽകിയതിലൂടെ യേശുകർത്താവ് വ്യക്തമാക്കിയ വസ്തുത ഇതാണ്. നമ്മുടെ ജീവൻ നിലനിർത്തുന്നതിന് ശാരീരിക ഭക്ഷണം അനിവാര്യമാണ്. മാത്രമല്ല, തന്നെ വിശ്വസിച്ച് അനുഗമിക്കുന്നവരെ ആത്മീയമായി പോഷിപ്പിക്കുവാൻ കഴിയുന്ന അപ്പം താൻ തന്നെയാണെന്ന് അവൻ വ്യക്തമാക്കി. "ഞാൻ ജീവന്റെ അപ്പം ആകുന്നു, എന്റെ അടുക്കൽ വരുന്നവന് വിശക്കുകയില്ല, എന്നിൽ വിശ്വസിക്കുന്നവന് ഒരുനാളും ദാഹിക്കയില്ല " *(യോഹന്നാൻ 6:35)*. ദൈവം മരുഭൂമിയിൽ യിസ്രായേൽ ജനത്തെ പോഷിപ്പിക്കുവാൻ സ്വർഗ്ഗത്തിൽ നിന്നും മന്ന നൽകിയതുപോലെ താൻ ഈ *'ലോകത്തിന് ജീവനെ'* കൊടുക്കുവാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്ന ദൈവത്തിന്റെ അപ്പമെന്നാണ് തന്നെക്കുറിച്ച് വിവരിച്ച് പറഞ്ഞത് *(യോഹ. 6:33)*.

നാം ഓരോ ദിവസവും ബൈബിൾ വായിക്കുകയും യേശുകർത്താവിൽ ആശ്രയിച്ച് അവനെ അനുഗമിക്കുന്നുവെങ്കിൽ മാത്രമേ നാം നമ്മുടെ ജീവിതത്തിൽ ശക്തരായ ക്രിസ്ത്യാനികൾ ആവുകയുള്ളൂ. ഇപ്രകാരം ചെയ്യുന്നതിൽ നാം പരാജയപ്പെട്ടാൽ നമ്മുടെ ആത്മീയ ജീവിതത്തിൽ നാം ബലഹീനരാവുകയും പലപ്പോഴും പരാജയപ്പെടുകയും ചെയ്യും.



**1** വായനാഭാഗം വീണ്ടും വായിച്ചശേഷം ചുവടെയുള്ള പ്രസ്താവനകൾ ശരിയോ തെറ്റോ എന്നെഴുതുക.

i. യേശുകർത്താവ് ഈ ഭൂമിയിലേക്ക് വന്നപ്പോൾ താൻ വചനമായി മാറി. ................................

ii. യേശുകർത്താവാണ് സകലസൃഷ്ടിയുടേയും ഉത്തരവാദി. ................................

iii. യേശുകർത്താവ് മുമ്പും ഇപ്പോഴും എന്നെന്നേക്കും ദൈവമാണ്. ................................

iv. യേശുകർത്താവിനെക്കുറിച്ച് യോഹന്നാൻ സൂചിപ്പിച്ചിട്ടേയില്ല. ................................

v. യേശുകർത്താവ് ഒരിക്കലും ഒരു യഥാർത്ഥ മനുഷ്യനായിരുന്നില്ല. ................................

5

**2** യേശുകർത്താവ് സംസാരിച്ചപ്പോൾ ജനങ്ങൾ അവന്റെ ഉപദേശത്തിൽ അത്ഭുതപ്പെട്ടുവെന്ന് കുറേ പ്രാവശ്യം നാം മനസ്സിലാക്കിയിട്ടുണ്ട്. എന്തുകൊണ്ടാണ് അവർ ആശ്ചര്യപ്പെട്ടത്?

................................

................................

................................

4

**3** ***യോഹന്നാൻ 19:28 – 30*** നോക്കിയശേഷം ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

a. യേശുവിന് എന്ത് അറിയാമായിരുന്നു? ................................

b. യേശുവിന് എന്ത് ആവശ്യമായിരുന്നു? ................................

c. അവർ അവന് എന്താണ് നൽകിയത്? ................................

d. യേശുകർത്താവിന്റെ അവസാനവാക്കുകളായി യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നത് എന്ത്? ................................

e. ഈ വാക്കുകൾ എന്താണ് അർത്ഥമാക്കുന്നത്? ................................

5

**4** ***യോഹന്നാൻ 6:35& 51*** വീണ്ടും വായിക്കുക. തന്റെ അടുക്കൽ വരുന്നവർക്ക് ഒരുനാളും വിശക്കയില്ല എന്ന് യേശു പറഞ്ഞതിലൂടെ അർത്ഥമാക്കുന്നത് എന്താണ്?

................................

................................

................................

4

**5** ശക്തമായതും ഉത്സാഹമുള്ളതുമായ ഒരു ക്രിസ്തീയ ജീവിതം നയിക്കുവാനുള്ള എന്തു രഹസ്യമാണ് ഈ പഠനങ്ങൾ നൽകുന്നത്?

................................

................................

................................

4

**6** ***യോഹന്നാൻ 14:6 & യോഹന്നാൻ 17:17*** എന്നിവ നമ്മെ പഠിപ്പിക്കുന്നത് യേശുകർത്താവും ബൈബിളും രണ്ടും സത്യമാണ് എന്നതാണ്.

a. ഈ രണ്ടു വാക്യങ്ങളും എടുത്തെഴുതുക

................................

................................

b. ഈ പഠനങ്ങൾ നിങ്ങൾ ചെയ്തപ്പോൾ എഴുതപ്പെട്ട ദൈവവചനത്തിന്റെ സത്യത്തിന്റെ ഏതു തെളിവാണ് നിങ്ങളെ വളരെ ആകർഷിച്ചത്?

................................

................................

3

100
യൂണിറ്റിന്റെ ആകെ മാർക്ക്

Return your study sheets to:

25
ആകെ മാർക്ക്

© Bible Educational Services, P.O Box - 9, MOOKKANNUR P.O., 683577, Ernakulam, KERALA ,E-mail : besindia1@gmail.com, www.besweb.com